No. 4115/K-5/KCBC/OL/DS 09.06.2025

# കെസിബിസി സർക്കുലർ
# ലഹരിയെന്ന വിപത്തിനെതിരെ കൈകോർക്കാം:
# ജൂൺ 26 അന്തർദേശീയ മയക്കുമരുന്ന് വിരുദ്ധ ദിനാചരണം

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

ഈ കാലഘട്ടത്തിൽ നാം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായി ലഹരിവ്യാപനം മാറിയിരിക്കുകയാണല്ലോ. രാസലഹരിയുടെയും മറ്റു ലഹരി പദാർത്ഥങ്ങളുടെയും വ്യാപനം പ്രത്യക്ഷമായോ പരോക്ഷമായോ നാമേവരെയും ബാധിച്ചുകൊണ്ടിരിക്കുന്നു. വലിയൊരു വിഭാഗം യുവജനങ്ങൾ രാസലഹരിയുടെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കിടയിൽവരെ മാരകമായ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം പലയിടങ്ങളിലായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ലഹരി മാഫിയയുടെ അദൃശ്യകരങ്ങൾ നമ്മുടെ പരിസരങ്ങളിലേയ്ക്കൊക്കെയും നീണ്ടിരിക്കുന്നു എന്നുള്ളത് ഭയപ്പെടുത്തുന്ന ഒരു യാഥാർഥ്യം തന്നെയാണ്.

കേരള നിയമസഭയിൽ ഈ വർഷം അവതരിപ്പിക്കപ്പെട്ട കണക്കുകൾ പ്രകാരം 18 വയസിൽ താഴെയുള്ള 2888 കുട്ടികൾ 2024-ൽ ലഹരി വിമുക്തിക്കായി ചികിൽസ തേടിയിട്ടുണ്ട്. സംസ്ഥാന എക്സൈസ് വകുപ്പിന്റെ കണക്കുകളനുസരിച്ച്, ഈ വർഷം ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാത്രം മയക്കുമരുന്ന് കടത്ത്, വിൽപ്പന തുടങ്ങിയ കുറ്റകൃത്യങ്ങൾ ചെയ്ത 18 വയസിൽ താഴെയുള്ള 36 പേർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. കൂടാതെ, കേരളത്തിലെ 1057 സ്കൂളുകളെ ലഹരിമാഫിയകൾ ലക്ഷ്യം വച്ചിരിക്കുന്നതായുള്ള ഇന്റലിജൻസ് റിപ്പോർട്ട് 2023-ൽ എക്സൈസ് വകുപ്പിന് ലഭിച്ചിരുന്നു. സ്കൂൾ കുട്ടികൾക്കിടയിൽ ആശങ്കാജനകമായ വിധത്തിൽ മയക്കുമരുന്ന് വിപണനവും ഉപയോഗവും വർധിക്കുന്നതിന്റെ സൂചനകളാണ് ഇവ. സ്കൂളുകളേക്കാൾ വളരെയധികമായി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ലഹരിമാഫിയകളുടെ പിടിയിലാണ് എന്നാണ് റിപ്പോർട്ടുകൾ.

ഈ വർഷം മാർച്ച് 12-ന് ലോക്സഭയിൽ വെളിപ്പെടുത്തിയ കണക്കുകൾ പ്രകാരം 2022 മുതൽ 2024 വരെയുള്ള മൂന്നുവർഷങ്ങൾക്കിടയിൽ കേരളത്തിൽ NDPS ആക്ട് പ്രകാരം 85334 കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. മുൻവർഷങ്ങളിലേതിനേക്കാൾ വലിയ വർദ്ധനവാണ് ആ കണക്കുകൾ വ്യക്തമാക്കുന്നത്. മയക്കുമരുന്ന് സംബന്ധമായ കേസുകൾ ഇന്ത്യയിൽ ഏറ്റവും അധികം രജിസ്റ്റർ ചെയ്യപ്പെടുന്ന സംസ്ഥാനമായി നമ്മുടെ കൊച്ചുകേരളം മാറിയിരിക്കുന്നു. 35883 കേസുകൾ രജിസ്റ്റർ ചെയ്ത് രണ്ടാം സ്ഥാനത്തുള്ള മഹാരാഷ്ട്രയുടെ ഇരട്ടിയിലധികം കേസുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. കൂടാതെ 25.85 കിലോ രാസലഹരി വസ്തുക്കൾ 2024-ൽ കേരളത്തിൽനിന്ന് പിടികൂടി.

ലഹരി വിൽപ്പനയുടെ കണ്ണികളായി പ്രവർത്തിക്കുന്നവർ ലഹരിവസ്തുവെന്ന് തിരിച്ചറിയാനാവാത്തവിധത്തിൽ ചോക്കലേറ്റുകളുടെയും പാനീയങ്ങളുടെയും രൂപത്തിൽ രാസലഹരി വിദ്യാർത്ഥികൾക്കിടയിൽ പ്രചരിപ്പിക്കുന്നു എന്ന വസ്തുത ചില സമീപകാല സംഭവങ്ങളിൽനിന്ന് വ്യക്തമാണ്. സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്ക് പാനീയങ്ങളിൽ രാസലഹരിപദാർത്ഥങ്ങൾ ചേർത്തു നൽകി അവരെ ലഹരിക്ക് അടിമകളാക്കി മാറ്റാനുള്ള നീക്കങ്ങൾ നടക്കുന്നതായി അടുത്തകാലത്ത് ലഹരി വിമുക്തി നേടിയ ഒരു വ്യക്തി ചാനലുകളിൽ നടത്തിയ വെളിപ്പെടുത്തൽ, ഏതാനും ആഴ്ചകൾക്ക് മുമ്പ് മാരക ലഹരി കലർന്ന ചോക്കലേറ്റ് പായ്ക്കറ്റുകൾ കൊച്ചി വിമാനത്താവളത്തിൽനിന്ന് പിടികൂടിയത് തുടങ്ങിയ സംഭവങ്ങൾ ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ നമ്മെ നിർബ്ബന്ധിതരാക്കുന്നു.

സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്കിടയിലെന്നതിനേക്കാൾ പട്ടണങ്ങൾ കേന്ദ്രീകരിച്ച് വിവിധ മേഖലകളിൽ ജോലിചെയ്യുന്ന യുവജനങ്ങൾക്കിടയിലും രാസലഹരിയുടെ ഉപയോഗം വളരെ വർദ്ധിച്ചിരിക്കുന്നതായാണ് റിപ്പോർട്ടുകൾ. മയക്കുമരുന്ന് കടത്തും വിപണനവുമായി ബന്ധപ്പെട്ട് കേസുകളിൽ അകപ്പെടുന്നവരിൽ 60 ശതമാനത്തിലധികം പേരും 25 വയസിൽ താഴെയുള്ളവരാണ്.

അനേകം യുവജനങ്ങൾ മയക്കുമരുന്ന് കെണികളിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് ഇത്തരം റിപ്പോർട്ടുകളിൽനിന്ന് വ്യക്തമാകുന്നു.

മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന് ആനുപാതികമായി അക്രമ സംഭവങ്ങൾ, അപകടങ്ങൾ, ആത്മഹത്യാപ്രവണതകൾ, ലൈംഗിക അതിക്രമങ്ങൾ തുടങ്ങിയവ നമ്മുടെ നാട്ടിൽ കുത്തനെ ഉയർന്നുകൊണ്ടിരിക്കുന്നതും നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഇത്തരം കാരണങ്ങളാൽ സാമൂഹിക സുരക്ഷിതത്വം കുറഞ്ഞുകൊണ്ടിരിക്കുന്നത് ഈ കാലഘട്ടത്തിൽ നാം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ്.

രാസലഹരികൾ ഉപയോഗിച്ചുശീലിക്കുന്ന പക്ഷം അതിൽനിന്നുള്ള വിമുക്തി ദുഷ്കരമാണ് എന്ന വസ്തുത നാം ഗൗരവമായി പരിഗണിക്കുകയും അക്കാര്യം വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധ്യപ്പെടുത്തുകയും വേണം. മക്കൾ രാസലഹരികൾക്ക് അടിമപ്പെട്ട് കുടുംബത്തിൽ പ്രതിസന്ധികൾ രൂപപ്പെടുന്നെങ്കിലും ആ വിവരം മൂടിവയ്ക്കുകയും അവരെ ചികിൽസകൾക്ക് വിധേയരാക്കാൻ മടികാണിക്കുകയും ചെയ്യുന്ന പ്രവണത മാതാപിതാക്കളിൽ കാണപ്പെടുന്നുണ്ട്. ലഹരിഅടിമത്തം ശ്രദ്ധയിൽ പെടുന്നപക്ഷം ശാസ്ത്രീയമായ ചികിൽസകൾക്ക് അവരെ വിധേയരാക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ജൂൺ 3, 4 തിയതികളിൽ എറണാകുളം പിഒസിയിൽ സമ്മേളിച്ച കെസിബിസി സമ്മേളനം ലഹരി വ്യാപനത്തിന്റെ ഇത്തരം ആശങ്കാജനകമായ സാഹചര്യങ്ങളെകുറിച്ച് ഗൗരവമായി ചർച്ച ചെയ്തു. മയക്കുമരുന്ന് ഉപയോഗത്തെ പ്രതിരോധിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികളോടു ചേർന്നുനിന്നുകൊണ്ട് ഈ മഹാവിപത്തിനെ ഉൻമൂലനം ചെയ്യാനും വിദ്യാർത്ഥികളെയും യുവജനങ്ങളെയും കുടുംബങ്ങളെയും പ്രബുദ്ധരാക്കാനും ഫലപ്രദമായ പദ്ധതികൾ ഇക്കാലഘട്ടത്തിൽ നാം നടപ്പാക്കേണ്ടതുണ്ട്. അതിന് ആദ്യപടിയായി ഈ വരുന്ന ജൂൺ 26-ന് അന്തർദേശീയ മയക്കുമരുന്ന് വിരുദ്ധ ദിനത്തോടനുബന്ധിച്ച് കേരള സഭയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും രാവിലെ നടത്തുന്ന അസംബ്ലിയോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടികളും ലഹരിവിരുദ്ധ പ്രതിജ്ഞയും നടത്താൻ കത്തോലിക്കാ മെത്രാൻ സമിതി നിർദ്ദേശിക്കുന്നു. വിദ്യാർത്ഥികൾക്ക് കൃത്യമായ ജാഗ്രത സന്ദേശം നൽകുന്നതോടൊപ്പം ഉചിതവും ഫലപ്രദവുമായ രീതിയിൽ സ്കൂൾ-കോളേജ് അധികൃതർ അന്നേദിവസം ആചരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അന്നേദിവസം ഉപയോഗിക്കുന്നതിനുള്ള ലഹരി വിരുദ്ധ പ്രതിജ്ഞ ഇതോടൊപ്പം അയയ്ക്കുന്നു

ഇനിയും ആരും ലഹരിയുടെ കെണികളിൽ വീഴാതിരിക്കാൻ ജാഗ്രതയുള്ള സമൂഹമായി സഹോദരരുടെ കാവൽക്കാരായി പ്രവർത്തിച്ചുകൊണ്ട് ലഹരിവ്യാപനത്തിനെതിരായ പോരാട്ടത്തിൽ നമുക്കേവർക്കും കൈകോർക്കാം.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
കെസിബിസി സെക്രട്ടറി ജനറൽ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

# ലഹരി വിരുദ്ധ പ്രതിജ്ഞ

ഞാൻ ഒരിക്കലും മദ്യം / ലഹരിവസ്തുക്കൾ / പുകയില / എന്നിവയ്ക്ക് അടിമയാകില്ല. ഇവയുടെ/ ഉല്പാദനവും / വിതരണവും / ഉപയോഗവും/ ആരോഗ്യത്തിന് ഹാനികരമാണെന്ന് / ഞാൻ മനസ്സിലാക്കുന്നു. ഇവയുടെ ഉപയോഗം / എനിക്കും / കുടുംബത്തിനും / നാടിനും / മാനവരാശിക്കും അപകടകരമാണെന്ന് / ഞാൻ / തിരിച്ചറിയുന്നു. അതിനാൽ / ഞാൻ ഇവ ഉപേക്ഷിക്കുന്നു / ഇവയ്ക്കെതിരേ / പ്രതിഷേധിച്ച് പ്രവർത്തിക്കുമെന്നും / ലഹരിക്ക് / അടിമകളായവരെ / അതിൽനിന്നും/ പിൻതിരിക്കാൻ / പരിശ്രമിക്കുന്നതാണെന്നും / ഞാൻ പ്രതിജ്ഞ ചെയ്യുന്നു.